കണ്ടുപിടിക്കാനേ അതിനു കഴിയൂ. അവ വാരിയെടുത്തു കരയിലെത്തിക്കാൻ മററു സംവിധാനങ്ങൾ വേണം.

കെന്നിക്കോട്ട് ഗ്രൂപ്പ്, ഓഷ്യൻ മൈനിങ് അസോഷിയേററ്സ്, ഓഷ്യൻ മാനേജ്മെൻറ് ഇൻ കോർപ്പറേററഡ്, ഓഷ്യൻ മിനറൽസ് കമ്പനി മുതലായ അമേരിക്കൻ സ്ഥാപനങ്ങളും ജാപ്പനീസ്–ഫ്രഞ്ച് ഗവണ്മെൻറുകളും സമുദ്രാന്തർഭാഗ ലോഹ ഖനനരംഗത്തു് ഇതിനകം ബഹുദൂരം മുന്നോട്ടുപോയിരിക്കുന്നു. ആഴക്കടലിൽ അഞ്ചു കി. മീ. അടിയിൽ കിടക്കുന്ന ലോഹ—ഉരുളകൾ വാരി കരയിലെത്തിക്കുന്നതിൽ മുമ്പറഞ്ഞ ചില കമ്പനികൾ വിജയം നേടിയിട്ടുണ്ട്. പത്തു വർഷത്തിനകം ആഴക്കടലിൽ ഖനനം വ്യാവസായിക പ്രാധാന്യം ആർജിക്കുകയും സാർവത്രികമായിത്തീരുകയുംചെയ്യും. കടലുകളിൽ അഞ്ഞൂറു പ്രദേശങ്ങൾ ഇതിനകം ഖനനത്തിനായി തിരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്.

ഈ രംഗത്തു കടന്നു കാലുറപ്പിച്ചു നില്ക്കാൻ കഴിയണമെങ്കിൽ ഇന്ത്യ അത്യദ്ധ്വാനംതന്നെ ചെയ്യേണ്ടിവരും. ആഴക്കടൽ ഖനന വിദഗ്ദ്ധരെ പരിശീലിപ്പിക്കുന്നതിനായി, പടിഞ്ഞാറേ ജർമനിയുടെ സഹായത്തോടെ മദ്രാസിലെ ഇന്ത്യൻ ഇൻസ്റ്റിററ്യൂട്ട് ഓഫ് ടെക്നോളജി(ഐ. ഐ. ടി.)യിൽ സമുദ്ര ശാസ്ത്രത്തിൽ ഒരു പുതിയ കോഴ്സ് ആരംഭിക്കുന്നുണ്ടത്രേ. ഇത്തരം കോഴ്സുകൾ മററു സ്ഥാപനങ്ങളിലും (ഉദാ: കൊച്ചി സർവകലാശാല) ആരംഭിക്കാവുന്നതാണ്. കടൽത്തട്ടിലെ ലോഹ ഉരുളകൾ വാരിക്കൂട്ടുന്നതിനും ഉയർത്തിയെടുക്കുന്നതിനും കരയിലെത്തിക്കുന്നതിനുമുള്ള യന്ത്രസംവിധാനങ്ങളും, ഏറെക്കുറെ ഇവിടെത്തന്നെ നിർമിക്കേണ്ടിവരും.

ആൾപ്പെരുപ്പംമൂലം ക്ലേശിക്കുന്ന ഇന്ത്യയുടെ മുമ്പിൽ അനന്തങ്ങളായ സാദ്ധ്യതകളാണു സമുദ്രം തുറന്നുതരുന്നതു്. ഈ സാദ്ധ്യതകളുടെ ചില സൂചനകൾ ഇതിനകം നമുക്കു ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. കടൽത്തീര സംസ്ഥാനങ്ങളിലെ ജനങ്ങൾ ഈ സാദ്ധ്യതകൾ വിശദമായി കാണുകയും, അവയെ യാഥാർത്ഥ്യങ്ങളാക്കി മാററുന്നതിനു സ്വന്തം സർക്കാരുകളെ ഉത്തേജിപ്പിക്കുകയും വേണം.

കേരളീയർ ഭാവിയുടെ പള്ളികളും അമ്പലങ്ങളും പണിയേണ്ടതു് ആഴിയുടെ അഗാധങ്ങളിലാണ്; നിലയ്ക്കലെയോ, പുൽപ്പള്ളിയിലെയോ മുടിഞ്ഞ കാടുകളിലല്ല!

(8 ജൂലൈ, 1983)

# 58. കൽപ്പാക്കം അണുവൈദ്യുതി നിലയം

മദ്രാസിൽ മഹാബലിപുരത്തിനടുത്തു കടൽത്തീരത്തിൽ നിർമിച്ച കൽപ്പാക്കം അണുവൈദ്യുതി നിലയം ജൂലൈ 23—ാം തീയതി പ്രധാനമന്ത്രി ഇന്ദിരാഗാന്ധി രാഷ്ട്രത്തിനു സമർപ്പിച്ചു. ഇന്ത്യയുടെ വികസനചരിത്രത്തിൽ നിർണായകപ്രാധാന്യം ഈ സംഭവത്തിനുണ്ട്.

വ്യവസായങ്ങൾക്കും കൃഷിക്കും ഗാർഹികാവശ്യങ്ങൾക്കും നമുക്കു് ഊർജം കൂടിയേ കഴിയൂ. ഊർജത്തിൻെറ ഏററവും സൗകര്യപ്രദമായ രൂപം വിദ്യുച്ഛക്തിയാകുന്നു. ഉയരത്തിൽനിന്നു താഴോട്ടു് ഒലിക്കുന്ന വെള്ളം ഉപയോഗപ്പെടുത്തി വിദ്യുച്ഛക്തി നിർമിക്കുന്നതാണ് ആദായകരം. മാത്രമല്ല, ഇങ്ങനെ വിദ്യുച്ഛക്തി നിർമിക്കുമ്പോൾ പരിസരമലിനീകരണം വളരെ കുറച്ചേ ഉണ്ടാകുന്നുള്ളു. പക്ഷേ, ജലവൈദ്യുതിനിർമാ

ണം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ കുറവാണ്. മലകൾക്ക മുകളിൽ, കാടുകൾക്ക നടുവിൽ, ജലവൈദ്യുത പദ്ധതികൾ നടപ്പിലാകുന്നതു നിമിത്തം വനം വലിയ തോതിൽ വിധ്വംസിക്കപ്പെടുന്നു. ഇതു കാലാവസ്ഥയിൽ വ്യതിയാനങ്ങൾ സൃഷ്ടിക്കുകയും, രാജ്യത്തിനു പൊതുവെ വലിയ വിപത്തായി അനുഭവപ്പെടുകയുംചെയ്യുന്നു. യഥാകാലം വേണ്ടത്ര മഴ കിട്ടുമെന്നതിന് ഒരുറപ്പുമില്ല. മഴ കിട്ടാത്തപ്പോൾ ജലവൈദ്യുതിനിർമാണം മുടങ്ങുന്നു. വൈദ്യുതി ക്ഷാമം ഫാക്ടറികൾ അടച്ചിടുന്നതിലേക്കും വ്യാപകമായ തൊഴിലില്ലായ്മയിലേക്കും നയിക്കുന്നു. ഗൃഹാവശ്യങ്ങൾക്ക വിദ്യുച്ഛക്തി കിട്ടാത്തതിനാൽ ജീവിതത്തിനു പൊതുവെ വന്നുചേരുന്ന ഗുണക്ഷയം ഇതിനു പുറമേയാണ്.

കൽക്കരി, എണ്ണ എന്നിവ കത്തിച്ചും വിദ്യച്ഛക്തിയുണ്ടാക്കാം. പക്ഷേ, കൽക്കരിയുടെ ലഭ്യത പരിമിതമാണ്. ഇന്ത്യയിൽ ബംഗാൾ ബിഹാർ പ്രദേശത്താണു കൽക്കരിയുള്ളതു്. അവിടെനിന്നു് തെക്കേ ഇന്ത്യയിലേക്ക കൽക്കരിയെത്തിക്കണമെങ്കിൽ 3000 കി. മീററോളം ദൂരം തീവണ്ടിയിൽ അതു കൊണ്ടുവരണം. കൽക്കരിയുടെ കടത്തുകൂലി അതിൻെറ വിലയുടെ എത്രയോ ഇരട്ടിയായിത്തീരുന്നതാണ് ഇതിൻെറ ഫലം. മാത്രമല്ല, വലിയ തോതിൽ ഖനനം നടത്തിയാൽ ഏതാനും ദശാബ്ദങ്ങൾക്കകം തീരാവുന്നത്ര കൽക്കരിയേ ഇന്ത്യയിലുള്ളു എന്നാണു കണക്കാക്കിയിട്ടുള്ളതു്.

എണ്ണയ്ക്കു നാം ഇപ്പോഴും വലിയ അളവിൽ വിദേശങ്ങളെ ആശ്രയിക്കുകയാണ്. പ്രകൃതിവാതകത്തിൻെറ സ്ഥിതിയും വ്യത്യസ്തമല്ല. അതിനാൽ, എണ്ണ, ഗ്യാസ് എന്നിവയെ ആശ്രയിച്ചുള്ള വിദ്യുച്ഛക്തിനിർമാണത്തിൻെറ സാധ്യതകളും ഇന്ത്യയിൽ പരിമിതമാണ്.

ഗൃഹങ്ങളിലെ ഊർജാവശ്യങ്ങൾക്ക നാം മുഖ്യമായും വിറക് ഉപയോഗപ്പെടുത്തുന്നു. വിറകിൻെറ ലഭ്യത മുമ്പേ ഇന്ത്യയിൽ വളരെ കുറവാണ്. കാടുകൾ അപ്രത്യക്ഷമാകുന്ന തോതിനു വിറകിൻെറ വില ഉയരുകയും ലഭ്യത കുറയുകയുംചെയ്തുവരുന്നു. വളരെയധികം ഇന്ത്യക്കാർ ചാണകം ഉണക്കി കത്തിച്ചാണു വീട്ടാവശ്യങ്ങൾ നിറവേററുന്നതു്. ഒന്നാംതരം വളമായ ചാണകം പാടങ്ങൾക്ക കിട്ടാതാവുകയും മണ്ണിൻെറ ഫലപുഷ്ടി ക്ഷയിക്കുകയുമാണ് ഇതിൻെറ ഫലം.

ചാണകം, ചവറ്, പച്ചില മുതലായവ ഉപയോഗിച്ചു ഗ്യാസുണ്ടാക്കാം. പക്ഷേ, ഇത്തരത്തിലുള്ള 'ബയോഗ്യസ്' നിർമാണം ചെലവേറിയ പ്രക്രിയയാണ്. അതിൻെറ സങ്കേതവിദ്യ ഇന്നും ശൈശവാവസ്ഥയിലാണുതാനും.

വെയിൽ ഉപയോഗപ്പെടുത്തി വിദ്യുച്ഛക്തി ഉണ്ടാക്കാം. പക്ഷേ, ഇതിനു വളരെ ചെലവുണ്ട്. കാററ്, സമുദ്രത്തിലെ തിരകൾ, സമുദ്രജലത്തിലെ ഉഷ്ണതാവ്യത്യാസം, ഭൂമിക്കടിയിലെ ചൂട് മുതലായവയും ഊർജാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താമെന്നു പറയുന്നുണ്ടെങ്കിലും, വ്യാവസായികമായി പ്രായോഗികമായ നിലയിൽ ഈ പരീക്ഷണങ്ങളൊന്നും എത്തിച്ചേർന്നിട്ടില്ല.

ബാക്കിയുള്ളതു് അണുഭേദനംകൊണ്ടും അണുസംയോജനംകൊണ്ടും ഊർജം ഉല്പാദിപ്പിക്കുകയാണ്.

ഹിരോഷിമയിൽ അമേരിക്ക എറിഞ്ഞ ബോംബിൽനിന്ന് ഉത്ഭവിച്ച ഊർജത്തെപ്പററി അറിഞ്ഞപ്പോൾ, 1940—കളിൽ, അണുഭേദനത്തിലൂടെ ലോകത്തിലെ ഊർജാവശ്യങ്ങൾ നിറവേററുന്നതിനുള്ള മാർഗ്ഗം എക്കാലത്തേക്കുമായി തുറന്നു കിട്ടിയെന്ന വിശ്വാസം പരക്കെ ഉണ്ടായി. എന്നാൽ, അണുഭേദനത്തിലൂടെ വിസർജിക്കപ്പെടുന്ന മഹാശക്തിയെ നിയന്ത്രിച്ചു വിദ്യുച്ഛക്തിയാക്കി ഉപയോഗിക്കുകയെന്ന പ്രശ്നം പിന്നെ

യും ബാക്കിനിന്നു. പരീക്ഷണാടിസ്ഥാനത്തിൽ അമേരിക്കയിലും ബ്രിട്ടനിലും സോവ്യററ് യൂണിയനിലും മററും നിർമിച്ച അണുവൈദ്യുതി സ്ഥാപനങ്ങളിൽ ഉപയോഗം കഴിഞ്ഞു പുറംതള്ളുന്ന റേഡിയോ ആക്ടീവതയുള്ള മാലിന്യങ്ങൾ എങ്ങനെ ഒഴിവാക്കാമെന്ന പ്രശ്നവും ബാക്കിവന്നു. അമേരിക്കയിൽ 'ത്രീ മൈൽ ഐലൻഡ്'' എന്ന സ്ഥലത്ത് ഒരു അണുവൈദ്യുതിനിലയത്തിൽ ചോർച്ചവന്നു പരിസരത്തിലെല്ലാം റേഡിയോ പ്രസരമുള്ള വസ്തുക്കൾ നിറഞ്ഞപ്പോൾ, പൊതുജനാരോഗ്യത്തിനു് അണുവൈദ്യുതി സ്ഥാപനങ്ങൾ എത്രമാത്രം ആപൽക്കരമാകാമെന്ന ബോധം ലോകത്തിൽ മുഴുവൻ പരന്നു. ഇതോടെ, അണുവൈദ്യുതിസ്ഥാപനങ്ങൾക്കെതിരായ അഭിപ്രായം ശക്തിയാർജിച്ചു.

ഈ സ്ഥിതിയിൽ ഇപ്പോൾ ഒരു വ്യത്യാസം ഉണ്ടായിട്ടുണ്ട്. അണുവൈദ്യുതിസ്ഥാപനങ്ങൾ താരതമ്യേന വളരെയധികം ചെലവുള്ളവയല്ല എന്നാണ് ഇപ്പോൾ കരുതപ്പെടുന്നത്. കരുതലോടെ പ്രവർത്തിച്ചാൽ ഇവ ചോർന്നു മനുഷ്യരുടെ ആരോഗ്യം തകരാറാക്കുകയില്ല. ഉപയോഗം കഴിഞ്ഞ് ഇവയിൽനിന്നു പുറംതള്ളുന്ന റേഡിയോ ആക്ടീവതയുള്ള പദാർത്ഥങ്ങൾ സംസ്കരിച്ച് മററാവശ്യങ്ങൾക്ക് ഉപയോഗിക്കുകയുമാവാം. ഏതായാലും, അണുവൈദ്യുതിനിലയങ്ങൾക്ക് അനുകൂലമായ അഭിപ്രായമാണ് ഇന്നു ലോകത്തിൽ പൊതുവേയുള്ളത്.

പരേതനായ ഹോമിഭാഭയുടെ ദീർഘവീക്ഷണവും, ആ ശാസ്ത്രജ്ഞനു് പ്രധാനമന്ത്രി ജവാഹർലാൽ നെഹ്റു നൽകിയ കലവറയില്ലാത്ത പിന്തുണയുമാണ് അണുശക്തിരംഗത്തിൽ ഇന്ത്യയ്ക്കു് ഇന്നുള്ള നേട്ടങ്ങളുടെ അടിയിൽ. എങ്കിലും, ആദ്യമായി ഇന്ത്യയിലുണ്ടാക്കിയ താരാപൂർ അണുശക്തിസ്ഥാപനത്തെപ്പററി നമുക്കു വളരെയൊന്നും അഭിമാനിക്കാനില്ല. ഇന്ത്യക്കാരല്ല, ഒരു അമേരിക്കൻ കമ്പനിയാണ് അതിന്റെ ആസൂത്രണവും നിർമാണവും പൂർണമായും നടത്തിയത്. അതിലേക്ക് ഇന്ധനം നൽകാൻ ബാധ്യതപ്പെട്ട അമേരിക്ക പിന്നീട് ആ ബാധ്യതയിൽനിന്നും ഒഴിഞ്ഞുമാറിയതുമൂലം ഉണ്ടായ കുഴപ്പങ്ങൾ നമുക്ക് അറിവുള്ളതാണല്ലോ. താരാപ്പൂരിലേക്ക് ആവശ്യമുള്ള സ്പെയർപാർട്ടുകൾ തരാനും അമേരിക്ക വിസമ്മതിച്ചിരിക്കുകയാണ്. ഇതു നിമിത്തം താരാപ്പൂരിലെ സുരക്ഷാവ്യവസ്ഥതന്നെ തകരാറിലായിട്ടുണ്ടെന്നു കേട്ടിരുന്നു.

രാജസ്ഥാനിലെ റാണാപ്രതാപ് സാഗറിൽ കാനഡയുടെ സഹായത്തോടെ നിർമിച്ച രണ്ടാമത്തെ അണുവൈദ്യുതിസ്ഥാപനത്തിന്റെ നിർമാണം ഇന്ത്യൻ ശാസ്ത്രജ്ഞരുടെ മേൽനോട്ടത്തിലായിരുന്നു. ഇവിടെ രണ്ടാമതൊരു യൂണിററുകൂടി ഉണ്ടാക്കിയപ്പോൾ, അതിനാവശ്യമായ പല ഘടകങ്ങളും ഇന്ത്യയിൽത്തന്നെ നിർമിക്കുകയുണ്ടായി. എങ്കിലും ഈ അണുവൈദ്യുതിനിലയവും തികച്ചും ഇന്ത്യൻ ശാസ്ത്രജ്ഞരുടെ നേട്ടമെന്നു പറയാനില്ല.

എന്നാൽ, കൽപ്പാക്കത്തെ അണുവൈദ്യുതിസ്ഥാപനം പൂർണമായും അസൂത്രണംചെയ്തതും നിർമിച്ചതും ഇന്ത്യക്കാർതന്നെയാണ്. 1960–കളുടെ മദ്ധ്യത്തിൽ ഈ സ്ഥാപനം പണിയാൻ തീരുമാനിച്ചെങ്കിലും, പണി യഥാർത്ഥത്തിൽ ആരംഭിച്ചത് 1971–ൽ മാത്രമാണ്. അസ്തിവാരം കെട്ടാൻ തുടങ്ങിയപ്പോഴേ പ്രശ്നങ്ങൾ പൊന്തിവന്നു. ഇന്ത്യ ഒരു അണുസ്ഫോടനം നടത്തിയതിനെത്തുടർന്നു് കാനഡ അണുവൈദ്യുതി സ്ഥാപനത്തിനുള്ള ഉപകരണങ്ങൾ അയയ്ക്കാൻ വിസമ്മതിച്ചതിനാൽ, ആ സാധനങ്ങളെല്ലാം ഇവിടെത്തന്നെ ഉണ്ടാക്കേണ്ടിവന്നു. ഇതൊക്കെ കാരണം മദ്രാസ് അണുവൈദ്യുതിസ്ഥാപനത്തിന്റെ പണി വല്ലാതെ നീണ്ടുപോയി. എങ്കിലും ഈ സ്ഥാപനം പൂർത്തിയാകുകയും, അതിൽ നിർമിച്ച വൈദ്യുതി വിതരണംചെയ്തു തുടങ്ങുകയുംചെയ്തതോടെ, അണു

വൈദ്യുതിരംഗത്തിൽ ഇന്ത്യയ്ക്കു സ്വയംപര്യാപ്തത കൈവന്നതായി കണക്കാക്കാം.

ഇന്ത്യയിൽ തോറിയം ധാരാളം കിട്ടാനുണ്ട്. ഇതുപയോഗിച്ച് എത്രയോ വർഷങ്ങളോളം വൈദ്യുതിനിർമാണം ഇവിടെ സാദ്ധ്യമാണ്. വൈദ്യുതിക്ഷാമം സ്ഥിരമായി നിർമാർജനംചെയ്യാൻ നമുക്ക് ഇപ്പോഴും സാദ്ധ്യമായിത്തീർന്നിരിക്കുന്നു.

അതേസമയം, അത്യന്തം സൂക്ഷ്മതയോടെ നീങ്ങേണ്ട ഒരു രംഗമാണ് അണുവൈദ്യുതി ഉല്പാദനം. സുരക്ഷാവ്യവസ്ഥകളിൽ ശ്രദ്ധിക്കാത്തതു നിമിത്തം പ്രവർത്തകർക്ക് ആപൽക്കരമായവിധം റേഡിയോപ്രസരണം ഏൽക്കുകയോ, മലിനവസ്തുക്കൾ പുറത്തു കടന്നു പരിസരം ദൂഷിപ്പിക്കുകയോചെയ്താൽ, അണുവൈദ്യുതിനിർമാണത്തിനെതിരെ നാട്ടിൽ ശക്തമായ പ്രക്ഷോഭം ഉയർന്നുവരുമെന്നതിൽ സംശയമില്ല. അണുവൈദ്യുതിനിലയങ്ങളിൽ ഉല്പാദിപ്പിക്കപ്പെടുന്ന യുറേനിയവും തോറിയവും ആററംബോംബുണ്ടാക്കാൻ പ്രയോജനപ്പെട്ടേക്കാമെന്നതിനാൽ, അണുശക്തിസമ്പത്തിൽ മികച്ചുനില്ക്കുന്ന രാഷ്ട്രങ്ങളുടെ സംഘടിതമായ എതിർപ്പും നമുക്കു നേരിടേണ്ടിവരും. അത്യന്തം കരുതലോടെ കാൽ വയ്ക്കേണ്ട ഒരു രംഗമാണ് അണുവൈദ്യുതിനിർമാണം.

ഈ രംഗത്തു് ഇന്ത്യ സ്വയംപര്യാപ്തിയുടെ മാർഗത്തിൽ എത്തിനിൽക്കുന്നു എന്ന വസ്തുത അഭിമാനത്തോടൊപ്പം ചാരിതാർത്ഥ്യവും നമുക്ക് ഉളവാക്കുന്നുണ്ട്. തീർച്ചയായും ജൂലൈ 23—ാം തീയതി ആധുനിക ഭാരതീയ ചരിത്രത്തിൽ സ്മരിക്കപ്പെടേണ്ട ഒരു ദിവസമത്രേ.

(26 ജൂലൈ, 1983)

# 59. മദ്യവിപത്ത്

'ഇന്ത്യ അടിമത്തത്തിൽ: സ്വാതന്ത്ര്യത്തിനുള്ള അവളുടെ അവകാശം' (ഇന്ത്യ ഇൻ ബോണ്ടേജ്: ഹെർ റൈററ് ടു ഫ്രീഡം) എന്ന ഒരു പുസ്തകം 1930—കളിൽ ഇന്നാട്ടിലെ യുവാക്കൾ അത്യന്തം താല്പര്യത്തോടെ വായിച്ചിരുന്നു. ജെ. ടി. സൺഡർലാൻഡ് എന്ന ഒരു അമേരിക്കൻ പാതിരിയാണ്, അടിമത്തംമൂലം എല്ലാ ജീവിതരംഗങ്ങളിലും ഇന്ത്യയ്ക്കു വന്നുചേർന്ന ദയനീയമായ അധഃപതനത്തെ മൂർത്തമായും വേണ്ടത്ര തെളിവുകളോടെയും പ്രതിപാദിക്കുന്ന ഈ മഹാഗ്രന്ഥത്തിന്റെ കർത്താവ്. ഇന്ത്യയിലെ ബ്രിട്ടീഷ് ഗവണ്മെൻറ് നിരോധിച്ചിരുന്നതിനാൽ ഈ പുസ്തകം മററു രാജ്യങ്ങളിൽനിന്ന് ഒളിച്ചു കടത്തിക്കൊണ്ടുവരേണ്ടിയിരുന്നു എന്ന വസ്തുത ഇതിന്റെ ആകർഷകത്വം വർദ്ധിപ്പിച്ചു. ചങ്ങല വലിച്ചു പൊട്ടിക്കാൻ കിണഞ്ഞു ശ്രമിക്കുന്ന ഒരു ഗജവീരന്റെ ചിത്രം കറുത്ത പുറംചട്ടയിൽ അച്ചടിച്ച ഈ പുസ്തകം രഹസ്യമായി ഒരു സുഹൃത്തിൽനിന്നു സമ്പാദിച്ച് എത്രയോ രാത്രികളിൽ ഉറക്കമിളച്ചിരുന്നു പാരായണംചെയ്തതു് ഞാൻ ഇപ്പോഴും ഓർക്കുന്നു. 'ഇന്ത്യയിലെ മദ്യപാന ശാപം: ആർ ഉത്തരവാദി?' എന്നതാണ് അതിലെ ഒരദ്ധ്യായം. ബ്രിട്ടീഷ്വാഴ്ച തുടങ്ങുംമുമ്പ് ഇന്ത്യക്കാർ പ്രായേണ മദ്യപാനശീലം ഇല്ലാത്തവരായിരുന്നു എന്നും, മദ്യത്തിൽനിന്നു കിട്ടുന്ന നികുതിയെ ലാക്കാക്കി ബ്രിട്ടീഷ് ഭരണാധിപന്മാർ എത്രയോ വർഷങ്ങളോളം നിരന്തരമായി മദ്യവില്പനയും മദ്യപാനവും പ്രോത്സാഹിപ്പിച്ചതിൻഫലമായാണ് ഈ നാട്ടിൽ മദ്യപാനശീലം വേരുറച്ചതു് എന്നും, സർക്കാർ